File No.TCPCTP/1428/2022-D3

**മുഖ്യനഗരാസൂത്രകന്റെ നടപടിക്രമം**
**തിരുവനന്തപുരം**

വിഷയം :- തദ്ദേശ സ്വയംഭരണ വകുപ്പ് പ്ലാനിംഗ് - മുഖ്യ നഗരാസൂത്രകന്റെ കാര്യാലയം- തിരുവനന്തപുരം - സാങ്കേതികവിഭാഗം - തിരുവനന്തപുരം ജില്ല തിരുവനന്തപുരം നഗരസഭ, കടകംപള്ളി വില്ലേജ്- ഹോസ്പിറ്റൽ കെട്ടിട നിർമ്മാണം കൺകറൻസ് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം :- 1) തിരുവനന്തപുരം ടൗൺ പ്ലാനറുടെ 09/06/2022 ലെ TCPTVM/573/2022-D നമ്പർ കത്ത്.
2) ശ്രീമതി. അനുപമ ആർ, മാനേജിംഗ് ഡയറക്ടർ, Pran Fertility & Well Women Centre Pvt. Ltd ന്റെ 26/04/2022 ലെ അപേക്ഷ.

---

**കെട്ടിട നിർമ്മാണ അപേക്ഷ വിഭാഗം**

ഉത്തരവ്. നം. TCPCTP/1428/2022/D3 തീയതി:08/07/2022

---

തിരുവനന്തപുരം ജില്ലയിലെ തിരുവനന്തപുരം നഗരസഭ പരിധിയിലുള്ള കടകംപള്ളി വില്ലേജിൽ സർവ്വേ 1823/6-1, 1823/6-2, 1823/6-3, 1823/6-4, 1823/6-5, 1823/6-6, 1823/6-7, 1823/6-8, 1823/1-1, 1823/4-2, 1823/3, 1823/3-1, 1822/1-8-PT1, 1823/1-8-4, 1822/7-1, 1822/7-2, 1822/1-8-1-2, 1822/1-8-1-1-1, 1822/1-8-2 എന്നിവയിൽപ്പെട്ട 30.02 ആർ സ്ഥലത്ത് 4617.65 ച.മീറ്റർ വിസ്തൃതിയിൽ ഹോസ്പിറ്റൽ കെട്ടിടം നിർമ്മിക്കുന്നതിനുള്ള അംഗീകാരം ലഭ്യമാക്കുവാനായി പരാമർശിത കത്തുകൾ മുഖേന ലഭ്യമാക്കിയ ശ്രീമതി. അനുപമ ആർ, മാനേജിംഗ് ഡയറക്ടർ, Pran Fertility & Well Women Centre Pvt. Ltd ന്റെ അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ.എം.ബി.ആർ-2019 നും താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായി അംഗീകൃത തിരുവനന്തപുരം മാസ്റ്റർപ്ലാൻ പ്രകാരം കെട്ടിടങ്ങളുടെ കൺകറൻസ് അംഗീകാരം നൽകി ഉത്തരവാകുന്നു.

**നിബന്ധനകൾ**

1. താഴെ പറയുന്ന നിബന്ധനകൾ പൂർണ്ണമായും പാലിച്ചിട്ടുണ്ടെന്നും നിയമാനുസൃതം ആവശ്യമായ ഏജൻസികളുടെ അനുമതി / എൻ.ഒ.സി എന്നിവ ലഭ്യമാക്കിയിട്ടുണ്ടെന്നും ഉറപ്പുവരുത്തിയ ശേഷം മാത്രമേ സെക്രട്ടറി നിർമ്മാണാനുമതി / ഒക്യുപൻസി നൽകുവാൻ പാടുള്ളൂ.
2. സ്ഥലത്തിന്റെ ഉടമസ്ഥത, അതിരുകൾ, വിസ്തൃതി, അളവുകൾ, അപേക്ഷകന്റെ നിർമ്മാണ അവകാശം എന്നിവയും, നിർദ്ദിഷ്ട നിർമ്മാണ സ്ഥലം പുറമ്പോക്ക് ഭൂമിയിൽ ഉൾപ്പെടുന്നതല്ലായെന്നും രേഖകൾ പരിശോധിച്ച് സെക്രട്ടറി ബോധ്യപ്പെട്ടിരിക്കണം.
3. നിർമ്മാണം കെ.എം.ബി.ആർ 2019 നും, അനുബന്ധഭേദഗതികൾക്കും, ബാധകമായ മറ്റ് നിയമങ്ങൾക്കും അനുസൃതമായിരിക്കണം.
4. കട്ടിംഗ്/ഫില്ലിംഗ് ആവശ്യമാണെങ്കിൽ ബന്ധപ്പെട്ട വകുപ്പിന്റെ എൻ .ഒ.സി വാങ്ങിയിരിക്കണം.
5. നിർദ്ദിഷ്ട നിർമ്മാണ സ്ഥലത്ത് ഉദ്ദേശിക്കുന്ന വികസന /നിർമ്മാണ പ്രവർത്തനങ്ങൾ 2008-ലെ കേരള നെൽവയൽ -തണ്ണീർത്തട സംരക്ഷണ നിയമം, അനുബന്ധ സർക്കാർ സർക്കുലറുകൾ, 1967-ലെ കേരള ഭൂവിനിയോഗ ഉത്തരവ് എന്നിവ ബാധകമാണെങ്കിൽ അവയ്ക്ക് അനുസൃതമായിരിക്കണം.
6. 76(3) പ്രകാരമുള്ള Urban Forestry എന്നിവ പ്രസ്തുത നിർമ്മാണത്തിന്

5144857

GOVERNMENT OF KERALA 2017-18

നൽകിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.

7. KMBR 2019 ചട്ടം 30 പ്രകാരമുള്ള ലേ ഔട്ട് അനുമതി തിരുവനന്തപുരം ജില്ലാ നഗരാസൂത്രകനിൽനിന്നും ലഭ്യമാക്കേണ്ടതാണ്.
8. KMBR 2019 34.(3).(3) പ്രകാരമുള്ള Segregated Sanitation for visitors in Public Building SMP General Guide lines (iii) പ്രകാരമുള്ള Coverage 30% , FSI-1.0 എന്നിവ അധികരിക്കാത്ത വിധത്തിൽ നൽകേണ്ടതാണ്.
9. Site plan and Parking Plan, Service Plan and Contour Plan എന്നിവയിൽ First to Fifth Floor Slab Projection, Second to Fifth floor Projection എന്നിങ്ങനെ തെറ്റായി അടയാളപ്പെടുത്തിയിരിക്കുന്നത് ഫ്ലോർ പ്ലാനുകൾ പ്രകാരം തിരുത്തേണ്ടതാണ്.
10. Basement Floor ചട്ടം 2(1)(l) പാലിക്കേണ്ടതാണ്.
11. സൈറ്റ് പ്ലാനിൽ ഫ്ലോറുകൾ തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നത് തിരുത്തി KMBR 2019 Rule 34-3-3 പ്രകാരമുള്ള Sanitation സൗകര്യങ്ങൾ നൽകിയ പ്ലാനിൽ ജില്ലാ ടൗൺപ്ലാനർ ലേഔട്ട് അംഗീകാരം നൽകേണ്ടതാണ്.
12. ആകെ ബെഡ്ഡുകളുടെ എണ്ണം 20 കവിയരുത് .

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ ലേ-ഔട്ട്/നിർമ്മാണ/വികസന അനുമതി അതത് തദ്ദേശ സ്വയംഭരണ പ്ലാനിംഗ് കാര്യാലയം/തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനുശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളൂ.

ചീഫ് ടൗൺ പ്ലാനറുടെ ഉത്തരവിൻ പ്രകാരം

ഉള്ളടക്കം- ഒരു സെറ്റ് പ്ലാൻ

Signature valid

Digitally signed by RAJEEVAN PATTAN
Date: 2022.?.06 11:02
Reason: Approved

രാജീവൻ പീട്ടൻ
ടൗൺ പ്ലാനർ

ടൗൺ പ്ലാനർ, തിരുവനന്തപുരം

പകർപ്പ്:

1. സെക്രട്ടറി,തിരുവനന്തപുരം നഗരസഭ
2. ശ്രീമതി. അനുപമ ആർ, മാനേജിംഗ് ഡയറക്ടർ, Pran Fertility & Well Women Centre Pvt. Ltd
3. വെബ് സൈറ്റ്
4. കരുതൽ ഫയൽ
5. അധികം

GOVERNMENT OF KERALA 2017-18